# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

**കാർഷിക നിർദ്ദേശക ബുള്ളറ്റിൻ**

(ടെലിഫോൺ: 04872371931)

## തൃശ്ശൂർ

**E mail: kauagmet@yahoo.co.in**

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എഎസ് 34/16, വെള്ളിയാഴ്ച** **തീയ്യതി 19.08.2016**

**അടുത്ത 5 ദിവസത്തേക്കു കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 20.08.2016 | 21.08.2016 | 22.08.2016 | 23.08.2016 | 24.08.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 4 | 4 | 2 | 8 | 16 |
| ഉയർന്ന താപനില (°C ) | 31 | 31 | 31 | 31 | 31 |
| കുറഞ്ഞ താപനില (°C ) | 23 | 23 | 23 | 23 | 23 |
| മേഘവ്യാപ്തി (ഒക്ട) | 6 | 5 | 5 | 5 | 6 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 90 | 90 | 90 | 90 | 90 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/ മണിക്കൂർ ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 290 | 320 | 320 | 290 | 290 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (ജ്യോതി, കാഞ്ചന) | കതിർ വരുന്ന പരുവം/ പോളരോഗം | മഴക്കാലത്ത് നെല്ലിൽ പോളരോഗം കാണാനിടയുണ്ട്. നെൽച്ചെടിയുടെ ഏറ്റവും പുറമെയുള്ള ഓലകൾ മഞ്ഞനിറമാകുന്നതാണ് പെട്ടെന്ന് കാണുന്ന ലക്ഷണം. കടഭാഗം നോക്കിയാൽ ജലനിരപ്പിനു മുകളിലായി ഇലപ്പോളകളിൽ കറുത്ത പാടുകൾ കാണാം. ഇത് നിയന്ത്രിക്കുവാൻ ഹെക്സാകോണസോൾ 2 മി.ല്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കാം. |
| വാഴ | മഞ്ഞളിപ്പ് (എർവീനിയ റോട്ട്) | വാഴയിൽ വ്യാപകമായി മഞ്ഞളിപ്പ് രോഗം കാണാൻ സാധ്യതയുണ്ട്. വാഴയുടെ കട പരിശോധിച്ച് എർവീനിയ റോട്ട് മൂലമുള്ള മഞ്ഞളിപ്പാണെന്ന് ഉറപ്പു വരികയാണെങ്കിൽ നിയന്ത്രണ മാർഗ്ഗമായി 25 ലിററർ വെള്ളത്തിൽ 25 ഗ്രാം കൊസൈഡും 6 ഗ്രാം സ്ട്രെപ്റ്റോസൈക്ളിനും ലയിപ്പിച്ച് ഒരു വാഴക്ക് 5 ലിററർ എന്ന തോതിൽ തടത്തിൽ ഒഴിച്ചുകൊടുക്കുക. |
| ഇഞ്ചി, മഞ്ഞൾ | മൂടു ചീയൽ | മഴ പെയ്യുന്ന സാഹചര്യത്തിൽ ഇഞ്ചി, മഞ്ഞൾ എന്നിവയിൽ മൂടുചീയൽ രോഗം കാണുകയാണെങ്കിൽ രോഗബാധിതമായ ചെടികൾ കിളച്ചുമാറ്റി കൊസൈഡ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. |
| പയർ | കായ്തുരപ്പൻ | കായ്തുരപ്പന്റെ ആക്രമണം നിയന്ത്രിക്കാനായി വേപ്പെണ്ണ അടങ്ങിയ കീടനാശിനി 4 മി.ല്ലി. ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കുക. ഇത് ആഴ്ച്ചയിൽ ആവർത്തിക്കുക. |